# വിപഞ്ചിക





## ഗവ : ബോയ്സ് ഹൈസ്കൂൾ, പെരുവ

# ആശംസകൾ



RAJESH K C
HEAD MASTER

It gives me immense pleasure to pen a few words as a prologue to our school magazine. School is not an institution made of bricks. This is a divine land where thousands of splendid minds and brains unite. Come out of you cocoons and smell the beauty of our world.

I congratulate all the participants for bringing out such beautiful magazine .All the best and blessings for you.

# ആശംസകൾ



K LALITHA
SENIOR ASSISTANT

**കുട്ടികളുടെ ഐടി പഠന ഭാഗമായി നിർമ്മിച്ച ഡിജിറ്റൽ മാഗസിൻ വിപഞ്ചികക്ക് എന്റെ എല്ലാ ആശംസകളും നേരുന്നു. അതിന്റെ പിന്നിൽ പ്രവർത്തിച്ച അധ്യാപകർക്കും കുട്ടികൾക്കും പ്രത്യേക അഭിനന്ദനങ്ങൾ.....**

# ദളങ്ങളിലൂടെ....


കേരളത്തിലെ വൃദ്ധജനങ്ങളുടെ അവസ്ഥ ........................................ 6

അഹങ്കാരിയായ തേക്ക് ...............................................................7

ചോർച്ച ........................................................................ 9

Nothing Gold Can Stay.................................................. 10

ശാസ്ത്രം ഒരു അനുഗ്രഹമോ ശാപമോ? ................................................11

സോഷ്യൽ മീഡിയ ഗുണങ്ങളും ദോഷങ്ങളും.......................................12

പ്രളയം...............................................................,,...............13

നന്ദി.................................................................14



Onam celebration





Christmas Celebration





Teens club





Sports



Puppetry on AIDS

# കേരളത്തിലെ വൃദ്ധജനങ്ങളുടെ അവസ്ഥ



ശ്രീഹരി ഇ. ജെ
ക്ലാസ്സ് IX

കേരളം നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ് വൃദ്ധജനങ്ങളുടെ ഒറ്റപ്പെടൽ.  അണു കുടുംബങ്ങളുടെ വർദ്ധനവും മെച്ചപ്പെട്ട സൗകര്യങ്ങൾ തേടി നഗരങ്ങളിലേക്ക് ഉള്ള താമസം മാറലും കാരണം വൃദ്ധജനങ്ങൾക്ക് മുമ്പ് ലഭിച്ചിരുന്ന പരിചരണമോ പരിഗണനയോ ലഭിക്കാതെ വരുന്നു. ഇത് അവരുടെ അനാഥത്വത്തിന് കാരണമാകുന്നു. സ്നേഹമില്ലായ്മ, അംഗീകാരം ഇല്ലായ്മ, ഒറ്റപ്പെടൽ,അനിശ്ചിതത്വങ്ങൾ, മാനസിക പിരിമുറുക്കം തുടങ്ങിയ പ്രശ്നങ്ങൾ നേരിടുന്നവരാണ് വൃദ്ധജനങ്ങൾ. ഇത് അവരിൽ പലവിധ ആന്തരിക സംഘർഷങ്ങൾ സൃഷ്ടിക്കുന്നു. അവരുടെ അനാഥത്വം സമീപകാലത്ത് ഒരു പൊതു പ്രശ്നമായി വളരുകയാണ്. ഇതുകൊണ്ടാണ് വൃദ്ധസദനങ്ങൾ നമ്മുടെ നാട്ടിൽ വർദ്ധിച്ചു കൊണ്ടിരിക്കുന്നത്. വൃദ്ധജനങ്ങളെ സംരക്ഷിക്കേണ്ടത് നാം ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്. കുറച്ചുകാലം കഴിയുമ്പോൾ നാമും വൃദ്ധരായി മാറും എന്ന സത്യം ആരും മറക്കാതിരിക്കുക.

# അഹങ്കാരിയായ തേക്ക്



ജോയൽ പി ബിജു
ക്ലാസ്സ് IX

കാട്ടിൽ ഒരു വലിയ തേക്കുമരം ഉണ്ടായിരുന്നു. നല്ല ഉയരവും വണ്ണവും ഉള്ള മരമായിരുന്നു അത് തൊട്ടടുത്തുതന്നെ ഒരു കുറ്റിച്ചെടിയും നിന്നിരുന്നു. തേക്ക് മരത്തിനു തന്റെ ശക്തിയിൽ വലിയ അഹങ്കാരമായിരുന്നു. "ഞാൻ വളരെ ശക്തനാണ്, സുന്ദരനും ആണ് "അവൻ ഇടക്കിടക്ക് പറയും. അഹങ്കാരം ആപത്താണ് ഏത് ശക്തനും ഒരുനാൾ നിലം പതിക്കാം കുറ്റിച്ചെടി തേക്ക് മരത്തെ നോക്കി പറയും.വലിയ കാറ്റ് വരുമ്പോൾ തേക്കുമരം നെഞ്ചുവിരിച്ച് അത് നേരിടും. മഴ വരുമ്പോഴും അങ്ങനെതന്നെ.കുറ്റിച്ചെടി ആകട്ടെ തലകുനിച്ചു കൊടുക്കും. ചിലപ്പോൾ നിലം പറ്റി കിടക്കും കാറ്റും മഴയും പോകുമ്പോൾ പതുക്കെ എഴുന്നേറ്റുനിന്ന് പുഞ്ചിരിക്കും. തേക്കുമരം ഇത് കണ്ട് കുറ്റിച്ചെടിയെ കളിയാക്കും.



കാലം അങ്ങനെ കടന്നുപോയി. ഒരു ദിവസം കാടാകെ വിറപ്പിച്ചുകൊണ്ട് ഭയങ്കര കൊടുങ്കാറ്റും പേമാരിയും കടന്നുവന്നു. ഒട്ടുമിക്ക മരങ്ങളും തലകുനിച്ച് കാറ്റിന് കടന്നു പോകാൻ വഴി കൊടുത്തു .അഹങ്കാരി ആയ തേക്ക് മരം ഉണ്ടോ തലകുനിക്കുന്നു. തല ഉയർത്തി നെഞ്ചുവിരിച്ച് അവൻ അങ്ങനെ തന്നെ നിന്നു.

അധികനേരം അങ്ങനെ പിടിച്ചുനിൽക്കാൻ അന്ന് അവനു

കഴിഞ്ഞില്ല. കാറ്റ് അവനെ ആട്ടിയുലച്ചു. ഒടുവിൽ വലിയ ശബ്ദത്തോടെ തേക്കുമരം നിലം പതിച്ചു . കാറ്റെല്ലാം പോയപ്പോൾ കുറ്റിച്ചെടി പതുക്കെ തല ഉയർത്തി അഹങ്കാരിയായ തേക്കുമരത്തെ സഹതാപത്തോടെ നോക്കി നിന്നു.

■ ■ ■ ■ ■

# ചോർച്ച



ആദിത്യ ജയകുമാർ

ഒരാൾ തന്റെ ഭൃത്യനെ കുറച്ച് എണ്ണ വാങ്ങാൻ അയച്ചു. എണ്ണവാങ്ങി വരുമ്പോൾ പാത്രത്തിന്റെ അടിയിലുണ്ടായിരുന്ന ഒരു ദ്വാരത്തിലൂടെ എണ്ണ ചോർന്നുകൊണ്ടിരുന്നത് ഭൃത്യൻ അറിഞ്ഞില്ല. എണ്ണ ചോരുന്നത് കണ്ട ഒരു വഴിപോക്കൻ പാത്രത്തിൽ ദ്വാരമുള്ള കാര്യം ഭൃത്യനെ അറിയിച്ചു.

വഴിപോക്കൻ പറഞ്ഞ കാര്യം സത്യമാണോ എന്ന് അറിയേണ്ടേ? ഭൃത്യൻ പാത്രത്തിന്റെ അടിഭാഗം പരിശോധിക്കാനായി യാതൊന്നും ചിന്തിക്കാതെ പാത്രം കമിഴ്ത്തി നോക്കി. ചോർച്ചയുണ്ടോ എന്ന് അറിയാനുള്ള അവന്റെ ഒരു ബുദ്ധി!!!

ചിന്തിക്കാതെയുള്ള പ്രവർത്തികൾ നഷ്ടത്തിലേക്കും നാശത്തിലേക്കും വഴിതെളിക്കും. ഒരു പ്രവർത്തി ആരംഭിക്കുന്നതിനു മുൻപ് തന്നെ അതിന്റെ പ്രയോജനവും പരിണാമവും എന്തായിരിക്കുമെന്ന് നാം തീർച്ചയാക്കണം.

# NOTHING GOLD CAN STAY



**Adwaith M Ratheesh**

Natures first green is gold
Her hardest hue to hold
Her early leafs a flower
But only so an hour

Then leaf subsides to leaf
So eden sank to grief
Sp dawn goes down to day
Nothing gold can stay

# ശാസ്ത്രം ഒരു അനുഗ്രഹമോ ശാപമോ?



അഭിഷേക് ബി. നായർ




നമ്മുടെ ഭൂമിയിൽ ഇന്ന് വളർന്നുകൊണ്ടിരിക്കുന്ന ഒരു മേഖലയാണ് ശാസ്ത്രം. ഓരോ വ്യക്തികളുടെയും ജീവിതത്തിൽ ഏറ്റവും കൂടുതൽ സ്വാധീനിക്കുന്ന ഒന്നാണ് ശാസ്ത്രം. ഒരേ സമയം ഗുണവും ദോഷവും ഉള്ള ഒന്നാണ് ശാസ്ത്ര മേഖല. നിരവധി ജീവനുകൾ ശാസ്ത്രമേഖലയുടെ സഹായത്തോടെ രക്ഷപ്പെട്ടിട്ടുണ്ട്. എല്ലാ മേഖലകളിലും ശാസ്ത്രത്തിന്റെ വളർച്ച സ്വാധീനിച്ചു. പുതിയ പുതിയ മേഖലകൾ ഉണ്ടാവുകയും ചെയ്തു. അതിനു ഉത്തമ ഉദാഹരണമാണ് ആർട്ടിഫിഷ്യൽ ഇന്റലിജിൻസ് (A I ). ഇന്ന് നമ്മുടെ ജീവിതം നിയന്ത്രിക്കുന്നതുവരെആർട്ടിഫിഷ്യൽ ഇന്റലിജിൻസ് ആണ് എന്ന അവസ്ഥയിലേക്കാണ് കാര്യങ്ങൾ പോകുന്നത്.   നമ്മുടെ ജീവിതത്തിന്റെ ഭാഗമായ മൊബൈൽ A I ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഒന്നാണ്. ഒരു വ്യക്തിയുടെ ജീവിതം നിമിഷങ്ങൾക്കകം മാറ്റി മറിക്കാൻ കഴിവുള്ള ഒന്നാണ് മൊബൈൽ. ഒരു വ്യക്തിയുടെ ജീവനും ജീവിതവും രക്ഷിക്കാനും അതുപോലെ നശിപ്പിക്കാനും മൊബൈലിനു സാധിക്കും. മൊബൈൽ പോലെ ശാസ്ത്രത്തിന്റെ സ്വാധീനമുള്ള മറ്റൊരു മേഖലയാണ് രാജ്യ സുരക്ഷ. ഒരു രാജ്യം നിലനിൽക്കണമെങ്കിൽ ശക്തമായ ഒരു പ്രതിരോധ സേന ആവശ്യമാണ്. ശാസ്ത്രത്തിന്റെ സഹായത്തോടെ അത് സാധ്യമാകുന്നു.ശാസ്ത്രത്തെ ഒരേ സമയം നന്മക്കും തിന്മക്കും ഉപയോഗിക്കാം.ശാസ്ത്രത്തെ വളരെ വിപുലമായി നമുക്ക് ഉപയോഗിക്കാൻ സാധിക്കും. എന്നാൽ ശാസ്ത്രത്തെ ദുരുപയോഗം ചെയ്താൽ അത് മാനവരാശിയെ ദോഷകരമായ അനന്തര ഫലങ്ങളിലേക് എത്തിക്കും. അതുകൊണ്ട് ശാസ്ത്രത്തെ സൂക്ഷ്മതയോടെയും വിവേകത്തോടെയും ഉപയോഗിക്കുവാൻ നാം ശ്രദ്ധിക്കണം .

# സോഷ്യൽ മീഡിയ ഗുണങ്ങളും ദോഷങ്ങളും





ശ്രീദർശ് ആർ

## എന്താണ് സോഷ്യൽ മീഡിയ

സോഷ്യൽ മീഡിയ എന്നത് ഉപഭോക്താക്കളെ പരസ്പരം ഇടപഴകാൻ അനുവദിക്കുന്ന വെബ് അധിഷ്ഠിത പ്ലാറ്റ്ഫോമാണ്. ഉപഭോക്ത - സൗഹൃദ സവിശേഷതകൾ കാരണം സോഷ്യൽ മീഡിയ ഈ കാലഘട്ടത്തിൽ വളരെ ജനപ്രിയ ഘടകമായി മാറിയിരിക്കുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ സോഷ്യൽ മീഡിയ കാരണം ലോകം മുഴുവൻ ഇന്ന് നമ്മുടെ വിരൽത്തുമ്പിലാണ്.സോഷ്യൽ മീഡിയയുടെ ഏറ്റവും പ്രബലമായ ഉപഭോക്താക്കളിൽ ഭൂരിഭാഗം പേരും യുവാക്കളാണ്. ഒരു നാണയത്തിന് എല്ലായിപ്പോഴും രണ്ടു വശങ്ങൾ ഉള്ളതുപോലെ സോഷ്യൽ മീഡിയയ്ക്കും രണ്ടു വശങ്ങൾ ഉണ്ട്.

## സോഷ്യൽ മീഡിയയുടെ ഗുണങ്ങൾ

1. ആളുകൾ അവരുടെ പ്രദേശത്ത് സംസ്ഥാനത്തോ ലോകത്തിലോ പോലും നടക്കുന്ന നിലവിലെ വിഷയങ്ങളെക്കുറിച്ച് കൂടുതൽ അറിവുള്ളവർ ആകുന്നു.

2. സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ വിദ്യാർഥികളെ ഗവേഷണ പ്രവർത്തനങ്ങൾ നടത്താൻ സഹായിക്കുന്നു കാരണം വിദ്യാർഥികൾ പരസ്പരം അകലെയാണെങ്കിലും ഗ്രൂപ്പ് ചർച്ചകൾ നടത്തുന്നത് എളുപ്പമാണ്.

3. നിരവധി പ്രാദേശിക ബിസിനസ് ഓർഗനൈസേഷനുകൾ ഫേസ്ബുക്ക് ലിങ്ക്ഡിൽ തുടങ്ങിയ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ വഴി തങ്ങളുടെ ജീവനക്കാരെ റിക്രൂട്ട് ചെയ്യുന്നതിനാൽ പുതിയ തൊഴിലവസരങ്ങൾ ആക്സസ് ചെയ്യാൻ സോഷ്യൽ മീഡിയ ആളുകളെ പ്രത്യേകിച്ച് യുവാക്കളെ സഹായിക്കുന്നു.

4. സോഷ്യൽ മീഡിയ വിവിധതരത്തിൽ ഒരു അധ്യാപന ഉപകരണമായി ഉൾപ്പെടുന്നു. സോഷ്യൽ മീഡിയയുടെ ഉപയോഗത്തിലൂടെ ആളുകൾക്ക് അവരുടെ താമസ സ്ഥലങ്ങളിൽ നിന്ന് വിവിധ വിഷയങ്ങൾ പഠിക്കാം..

# പ്രളയം



Sreenanth Lijo

എവിടെ നിന്ന് ഈ പ്രളയം പൊരിഞ്ഞേ........

എവിടെ എന്റെ അമ്മ
എവിടെ എന്റെ അച്ഛൻ

പ്രേതം വിതച്ചേ ഈ പ്രളയം
എത്ര പേരുടെ ചേതന പോയോ....

എവിടെ എന്റെ വീട്....
എവിടെ എന്റെ നാട്.....
എല്ലാം ഈ പ്രളയം കൊണ്ടുപോയോ...

അഴുകി കിടക്കുന്ന മൃതദേഹങ്ങൾ
അതിൽ എന്റെ ചേട്ടനും
ഒറ്റക്ക് ഈ ഭൂമിയിൽ ഞാൻ.....

എത്രനാൾ............ എത്രനാൾ........... എത്രനാൾ

എവിടെ നിന്ന് ഈ പ്രളയം പൊരിഞ്ഞേ?

എന്നീ പ്രളയം അവസാനിക്കും....

കെട്ടികിടക്കുന്നു വെള്ളം....

കഴുത്തോളമത്രേ വെള്ളം......

മുട്ടോളമത്രേ വെള്ളം......



പ്രിയമുള്ളവരെ,

ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മയുടെ മാഗസിനായ 'വിപഞ്ചിക' ഞങ്ങളുടെ  സർഗ്ഗസൃഷ്ടിയുടെ, ഭാവനയുടെ ഒരു ആവിഷ്കാരമാണ്. ഇതിന്റെ പിറവിക്ക് പിന്നിൽ പ്രവർത്തിച്ച എല്ലാ കുട്ടികൾക്കും, അധ്യാപകർക്കും ,സ്നേഹപൂർവ്വം

# നന്ദി....